**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **04-02-2026 - ൽ മറുപടിയ്ക്ക്**

**2025-ലെ കീടനാശിനി നിയന്ത്രണ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര കൃഷി മന്ത്രാലയം പുറത്തിറക്കിയ 2025-ലെ കീടനാശിനി നിയന്ത്രണ ബില്ലിന്റെ കരടിൽ, കീടനാശിനികൾ നിയന്ത്രിക്കുന്നതിനും മനുഷ്യർക്ക് ഹാനികരമായ ഉല്പന്നങ്ങൾ നിരോധിക്കുന്നതിനും കീടനാശിനികൾ മൂലമുള്ള വിളനാശത്തിന് ഉല്പാദകരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിനും സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലയെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | കേന്ദ്ര കൃഷി മന്ത്രാലയം പുറത്തിറക്കിയ കരട് കീടനാശിനി നിയന്ത്രണ ബില്ലിൽ സംസ്ഥാന സർക്കാരുകൾ മതിയായ അധികാരം നൽകുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബില്ലിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീടനാശിനി നിയന്ത്രിക്കുവാനുള്ള അധികാരം ഒരുപോലെ ലഭ്യമാക്കണമെന്നും കീടനാശിനി മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം വ്യവസ്ഥ ചെയ്യണമെന്നും ഇക്കാര്യത്തിനുണ്ടാക്കുന്ന കമ്മിറ്റികളിൽ പാരിസ്ഥിതിക, പൊതുജനാരോഗ്യ വിദഗ്ദരെ ഉൾപ്പെടുത്തണമെന്നും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കൂടാതെ കീടനാശിനി രജിസ്ട്രേഷൻ താൽക്കാലിക നിരോധനം, സ്ഥിരമായ നിരോധനം തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനത്തിന് അധികാരം ലഭ്യമാകത്തക്കവിധം കരട് പരിഷ്ക്കരിക്കണമെന്നും രേഖാമൂലം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ? | (ബി) | കേന്ദ്ര കൃഷി മന്ത്രാലയം പുറത്തിറക്കിയ കരട് കീടനാശിനി നിയന്ത്രണ ബില്ലിൽ സംസ്ഥാന സർക്കാരുകൾ മതിയായ അധികാരം നൽകുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബില്ലിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീടനാശിനി നിയന്ത്രിക്കുവാനുള്ള അധികാരം ഒരുപോലെ ലഭ്യമാക്കണമെന്നും കീടനാശിനി മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം വ്യവസ്ഥ ചെയ്യണമെന്നും ഇക്കാര്യത്തിനുണ്ടാക്കുന്ന കമ്മിറ്റികളിൽ പാരിസ്ഥിതിക, പൊതുജനാരോഗ്യ വിദഗ്ദരെ ഉൾപ്പെടുത്തണമെന്നും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. കൂടാതെ കീടനാശിനി രജിസ്ട്രേഷൻ താൽക്കാലിക നിരോധനം, സ്ഥിരമായ നിരോധനം തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനത്തിന് |

| | | | |
|---|---|---|---|
| | | | അധികാരം ലഭ്യമാകത്തക്കവിധം കരട് പരിഷ്കരിക്കണമെന്നും രേഖാമൂലം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ